സംസ്ഥാന പോലീസ് മേധാവി അനിൽ കാന്ത് റൂറൽ ജില്ല സന്ദർശിച്ചു. ജില്ലാ പോലീസ് ആസ്ഥാനത്ത് ഉദ്യോഗസ്ഥരുമായി അദ്ദേഹം ആശയവിനിമയം നടത്തി. ചടങ്ങിൽ ക്രമസമാധാന ചുമതല വഹിക്കുന്ന എ ഡി ജി പി എം.ആർ.അജിത് കുമാർ, സൗത്ത് സോൺ ഐ.ജി പി..പ്രകാശ്, എറണാകുളം റേഞ്ച് ഡി.ഐ.ജി. നീരജ് കുമാർ ഗുപ്ത, ജില്ലാ പോലീസ് മേധാവി വിവേക് കുമാർ, അഡീഷണൽ എസ്.പി ടി.ബിജി ജോർജ്, സ്പെഷൽ ബ്രാഞ്ച് ഡി.വൈ.എസ്.പി ഷാജു.കെ.വർഗീസ് തുടങ്ങിയവർ പ്രസംഗിച്ചു. റൂറൽ ജില്ലയുടെ പ്രവർത്തനത്തിൽ ഡി ജി പി സംതൃപ്തി രേഖപ്പെടുത്തി. റൂറൽ ജില്ലയിൽ വിശിഷ്ട സേവനം നടത്തിയ ഉദ്യോഗസ്ഥർക്ക് സംസ്ഥാന പോലീസ് മേധാവി പുരസ്കാരങ്ങൾ വിതരണം ചെയ്തു.